(സി) ടയറും ട്യൂബും വാങ്ങിയ കമ്പനികളുടെ പേരും വാങ്ങിയ നിരക്കും താഴെ കൊടുക്കുന്നു:

| | 2001-02 | | 2002-03 | | 2003-04 | |
|---|---|---|---|---|---|---|
| | ടയർ | ട്യൂബ് | ടയർ | ട്യൂബ് | ടയർ | ട്യൂബ് |
| | (രൂപ) | | (രൂപ) | | (രൂപ) | |
| അപ്പോളോ | 4,895 | 460 | 4,600 | 440 | 4,850 | 440 |
| ബിറ്റൽ | 5,220 | 495 | 4,905 | 475 | .. | .. |
| എം.ആർ.എഫ്. | 5,000 | 475 | 5,000 | 475 | 4619 | 450 |
| വിക്രാന്ത് | .. | .. | 13,317 (റേഡിയൽ) | 813 | 2736 | 290 |
| മിച്ചിഗൺ | .. | .. | 4,750 | 490 | .. | .. |

സ്പെയർപാർട്ടുകളുടെ വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 547 ബസ്സുകൾ വിൽപ്പന നടത്തിയിട്ടുണ്ട്. ഓരോ ബസ്സിനും ശരാശരി 36,118 രൂപ ലഭിച്ചിട്ടുണ്ട്.

| (ഇ) പെയിന്റ് | 2001-02 | 2002-03 | 2003-04 |
|---|---|---|---|
| ഷാലിമാർ | 5,70,285 | .. | .. |
| പെയിസൺ | 78,786 | 3,85,265 | 70,825 |
| ബെർജർ | 12,45,161 | 23,20,479 | 90,428 |
| പ്രീമിയർ | 1,35,283 | .. | .. |
| സ്വരാജ് | 46,500 | .. | .. |
| നെരോലാക്ക് | .. | 93,800 | .. |
| **ബാറ്ററി** | **2001-02** | **2002-03** | **2003-04** |
| എക്സൈഡ് | 53,81,938 | 99,52,574 | 21,41,299 |

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തടികൾ വാങ്ങിയിട്ടില്ല.

## ബസ്സുകളുടെ അറ്റകുറ്റപ്പണികൾ

76 [5632] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ഡി. സുഗതൻ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ടി വാങ്ങുന്ന പുതിയ ബസ്സുകളുടെ അറ്റകുറ്റപ്പണികൾ അവ നിർമ്മിക്കുന്ന കമ്പനിക്കാരെതന്നെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര കാലത്തേക്ക് എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് കമ്പനികൾക്ക് സർവ്വീസ് ചാർജ്ജ് നൽകേണ്ടതായി വരുമോ;

(ഡി) എങ്കിൽ ആയത് ലാഭകരമായിരിക്കുമോ;

(ഇ) എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) എല്ലാ ബസ്സുകളുടെയും പണികൾ ഏൽപ്പിച്ചിട്ടില്ല. എന്നാൽ ടാറ്റാ, മിനി ബസ്സുകളുടെയും വോൾവോ ബസ്സുകളുടെയും അറ്റകുറ്റപ്പണികൾ എ.എം.സി. വ്യവസ്ഥയിൽ അതാത് കമ്പനികളെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ ഒരു കൊല്ലത്തേക്കാണ് നൽകിയിരിക്കുന്നത്.

(സി) നൽകേണ്ടതുണ്ട്.

(ഡി) ലാഭകരമാണ്.

(ഇ) അറ്റകുറ്റപ്പണികൾ കെ.എസ്.ആർ.ടി.സി. നേരിട്ട് ചെയ്യുന്നതിലും ലാഭകരം കമ്പനികളെക്കൊണ്ട് ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി.) പ്രകാരം ചെയ്യിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. വക അന്യാധീനപ്പെട്ട ഭൂമിയും കെട്ടിടങ്ങളും തിരിച്ചുപിടിക്കാൻ നടപടി

77 [5633] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ എത്ര കെട്ടിടങ്ങളും ഭൂമിയും സംസ്ഥാനത്തൊട്ടാകെയുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങൾ ലീസ് ഇനത്തിൽ പ്രവർത്തിക്കുന്നു; ഇതു വഴി എത്ര രൂപയുടെ വരുമാനം കെ.എസ്.ആർ.ടി.സി.-ക്കുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങൾ എത്ര രൂപയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. വക ഭൂമിയും കെട്ടിടങ്ങളും ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ അന്യാധീനപ്പെടുത്തി കൈവശം വച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; ഇവ തിരിച്ചുപിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) കെ.എസ്.ആർ.ടി.സി. വാങ്ങിയിട്ടുള്ള ഭൂമിയിൽ എവിടെയെല്ലാം അവ അന്യാധീനപ്പെട്ടുകിടക്കുന്നു എന്ന് വ്യക്തമാക്കുമോ; ഈ സ്ഥലങ്ങളിൽ എന്തു പ്രവൃത്തികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly